LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം

211(2680) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് ജലസേചന വകുപ്പിലേ ഫയൽ നമ്പർ 10807/WR/MI2/13-ൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ.

(ബി) പ്രസ്തുത ഫയലിലെ ആവശ്യപ്രകാരം CE ഇറിഗേഷൻ വിശദമായ റിപ്പോർട്ടും ഡി.പി.ആർ.-ഉം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ. ഇല്ലെങ്കിൽ എത്രയും വേഗം ഡി.പി.ആർ. സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ. കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ.

ഉത്തരം

(എ&ബി) അമ്പലക്കുളങ്ങളുടെ നവീകരണത്തിനായുള്ള തീരുമാനമാകാത്ത എല്ലാ പ്രൊപ്പോസലുകളും ലഭ്യമാക്കുവാൻ പ്രസ്തുത ഫയലിൽ ചീഫ് എഞ്ചിനീയറോട് (ജലസേചനവും ഭരണവും) ആവശ്യപ്പെട്ടപ്രകാരം പുതിയ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിനുവേണ്ടി 313 കുളങ്ങളുടെ പട്ടിക സമർപ്പിച്ചിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഈ പ്രവൃത്തികൾക്കുവേണ്ടി തുകയൊന്നും അനുവദിച്ചിരുന്നില്ല.

ശുദ്ധജലവിതരണ പൈപ്പ് ലൈനുകൾ

212(2681) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ശുദ്ധജലവിതരണ പൈപ്പ് ലൈനുകൾ നീട്ടി കൂടുതൽ ഗുണഭോക്താക്കൾക്ക് ജലം എത്തിക്കുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതി ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണെന്നും നടപടിക്രമങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൈപ്പ് ലൈനുകൾ നീട്ടി കൂടുതൽ ഗുണഭോക്താക്കൾക്ക് ജലം എത്തിക്കുന്നതിന് താഴെപ്പറയുന്ന രീതിയിലുള്ള പദ്ധതികളാണ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നത്: